"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട ശ്രീമതി ഇന്ദിരയ്ക്ക് സ്ഥലം വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് - അനുവദിച്ച തുകയിൽ ഭേദഗതി വരുത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.223/2026/DMD തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:-

1. 07/06/2023 തീയതിയിലെ സ. ഉ. (കൈ) നം. 5/2018/ഡി.എം.ഡി. ഉത്തരവ്
2. 18/06/2023 തീയതിയിലെ സ. ഉ. (കൈ) നം. 6/2023/ഡി.എം.ഡി. ഉത്തരവ്
3. 21/06/2023 തീയതിയിലെ സ. ഉ. (കൈ.) നം. 7/2018/ഡി.എം.ഡി ഉത്തരവ്
4. ശ്രീമതി ഇന്ദിര ചെന്നപ്പൊയിൽ സമർപ്പിച്ച 18/01/2025 തീയതിയിലെ അപേക്ഷ
5. 11/03/2025 തീയതിയിലെ കണ്ണൂർ ജില്ലാകളക്ടറുടെ DCKNR/15849/2024-DM1 നമ്പർ കത്ത്
6. 19/09/2025 തീയതിയിലെ സ. ഉ. (സാധാ) നം. 594/2025/ഡി.എം.ഡി. ഉത്തരവ്
7. 03/12/2025 തീയതിയിലെ കണ്ണൂർ ജില്ലാകളക്ടറുടെ DCKNR/15849/2024-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2022 ആഗസ്റ്റ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിൽ മരണപ്പെട്ട പൂളക്കുറ്റി വെള്ളറ കോളനിയിലെ ശ്രീ. പാൽമി ചന്ദ്രൻ എന്നയാളുടെ ഭാര്യ ശ്രീമതി ഇന്ദിര സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള അപേക്ഷ പ്രകാരം ഉരുൾപൊട്ടലിൽ വീടും കൃഷി ചെയ്തിരുന്ന ഒന്നര ഏക്കർ സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടുള്ളതിനാൽ വാടക വീട്ടിലാണ് താമസമെന്നും ഹൃദ്രോഗിയായ തനിക്കും മക്കൾക്ക് സ്ഥിര വരുമാനം ഇല്ലാത്തതിനാൽ സ്ഥലം വാങ്ങി വീട് വെക്കുന്നതിനായി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

2) കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുന്ന കണിച്ചാർ വില്ലേജിൽ 2022 ആഗസ്റ്റ് മാസത്തിലുണ്ടായ ഉരുൾപൊട്ടലിനെ പ്രത്യേക ദുരന്തമായി പരിഗണിച്ച് പൂർണ്ണമായി നഷ്ടപ്പെട്ട

വീടുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കൂടി ധനസഹായം നൽകി ആകെ നാല് ലക്ഷം രൂപയും ഭാഗിക നാശം സംഭവിച്ച കേസുകളിൽ നാശനഷ്ടത്തോത് അനുസരിച്ചുള്ള ധനസഹായവും, ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദുരന്ത പ്രതികരണ മിധിയിൽ നിന്നുള്ള നാലുലക്ഷം രൂപയ്ക്ക് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കൂടാതെ ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിക്കപ്പെട്ട 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11 ലക്ഷം രൂപ ടി കുടുംബത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളതായി പരാമർശം (5) പ്രകാരം കണ്ണൂർ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് പരാമർശം (6) ശ്രീമതി ഇന്ദിരയ്ക്ക് സ്ഥലം വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപ അനുവദിക്കുന്നതിന് റവന്യൂ (ഡിആർഎഫ്) വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

3) മരണപ്പെട്ട ശ്രീ. പാൽമി ചന്ദ്രന്റെ ഭാര്യ ശ്രീമതി ഇന്ദിരയുടെ പേരിൽ, തലശ്ശേരി താലൂക്ക്, വെക്കളം വില്ലേജ് പരിധിയിൽ സർവ്വെ നം. 1/2290 -ൽ 0.0772 ഹെക്ടർ സ്ഥലം 3,06,000/- രൂപക്ക് പേരാവൂർ എസ്.ആർ.ഒ. യിലെ 390/2024 -ാം നമ്പർ ആധാരപ്രകാരം ഇതിനകം വാങ്ങിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും പരാമർശം (3) പ്രകാരം ദുരന്തത്തിൽ പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000/- രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് അത് അനുവദിയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതിനാലും ശ്രീമതി ഇന്ദിരയ്ക്ക് അനുവദിക്കേണ്ടതുകയിന്മേൽ പരാമർശം (7) പ്രകാരം ജില്ലാകളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരം ശ്രീമതി ഇന്ദിരയ്ക്ക് സ്ഥലം വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 6 (ആറ് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ പരാമർശം (3) ഉത്തരവിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്തും മരണപ്പെട്ട ശ്രീ. പാൽമി ചന്ദ്രന്റെ ഭാര്യ ശ്രീമതി ഇന്ദിരയുടെ പേരിൽ പേരാവൂർ എസ്.ആർ.ഒ. യിലെ 390/2024 നമ്പർ ആധാരം പ്രകാരം തലശ്ശേരി താലൂക്ക് വെക്കളം വില്ലേജ് പരിധിയിൽ സർവ്വേ നം. 1/2290 ആയി ഇതിനകം വാങ്ങിയിട്ടുള്ള 0.0772 ഹെക്ടർ സ്ഥലത്തിന്റെ 3,06,000/- രൂപ (മൂന്ന് ലക്ഷത്തി ആറായിരം രൂപ മാത്രം) അനുവദിച്ച് നൽകുന്നതിന് റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുക അടിയന്തിരമായി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ (ഡി ആർ എഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
റവന്യൂ(ഡി ആർ എഫ്) വകുപ്പ് ( ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/71/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 19-05-2026 14:22:21
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്